**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.870** **05.03.2018-ൽ മറുപടിയ്ക്ക്**

## റോഡ് വെട്ടിപ്പൊളിക്കൽ ഒഴിവാക്കാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റോഡുകളിൽ കുടിവെള്ള പൈപ്പുകൾ, മറ്റ് യൂട്ടിലിറ്റീസ് എന്നിവ സ്ഥാപിക്കുന്നതിനും അറ്റകുറ്റ പ്പണികൾക്കുമായി നിരന്തരമായി ടാർ റോഡ് വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** ഇതിലൂടെ സർക്കാരിന് ഒട്ടേറെ ധനനഷ്ടവും യാത്രക്കാർക്ക് പ്രയാസങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് 05/01/2018-ലെ സർക്കാർ ഉത്തരവ് GO(Rt) No.30/2018/PWD-പ്രകാരം റോഡുകൾ കുഴിച്ച് യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(സി)** ഇതു പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന പ്രധാന റോഡുകളിലെങ്കിലും ജലവിതരണ പൈപ്പുകൾ, കേബിളുകൾ, മറ്റു പൈപ്പുകൾ തുടങ്ങിയവ പ്രത്യേക ഡക്ടുകളിലൂടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ ജലവിതരണ പൈപ്പുകൾ , കേബിളുകൾ മറ്റു പൈപ്പുകൾ തുടങ്ങിയവ പ്രത്യേക ഡക്ടുകളിലൂടെ സ്ഥാപിക്കുന്നത് പരിശോധനയിലാണ്. ഇതിന്റെ ചെലവും മറ്റു കാര്യങ്ങളും പരിശോധിച്ച്മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ